LIBRARY ARCHIVES Kerala Legislative Assembly

1. നടപ്പു സാമ്പത്തികവർഷം അടച്ച പ്രോപ്പർട്ടി ടാക്സ് രസീത്
2. ഇലക്ട്രിസിറ്റി ബിൽ
3. വാട്ടർ ബിൽ
4. ലാൻഡ് ഫോൺ ബിൽ
5. എൽ.പി.ജി. ബിൽ
6. ഗസറ്റഡ് ഓഫീസറാണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യ പ്രസ്താവന
7. നോൺ ഗസറ്റഡ് ഓഫീസറാണെങ്കിൽ ബന്ധപ്പെട്ട ഡി.ഡി.ഒ.-യുടെ സാക്ഷ്യപത്രം
8. പൊതുമേഖല സ്ഥാപന ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം
9. ദേശസാൽകൃത ബാങ്കിന്റെ ഫോട്ടോ പതിച്ച പാസ്സ് ബുക്ക്
10. ആധാർ കാർഡ്
11. ഇലക്ടറൽ ഐ.ഡി
12. സാധുവായ വാടകക്കരാർ.

മേൽപ്പറഞ്ഞ രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽപ്പറയുന്ന വിലാസവും ഒന്നായിരിക്കേണ്ടതാണ്. വീട് നിർമ്മാണം പൂർത്തിയാകാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് കെട്ടിട നമ്പർ കിട്ടാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ പരിശോധിച്ച് അർഹമെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം കാർഡ് അനുവദിക്കാവുന്നതാണ്. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻ കാർഡിനായി വീട് നമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി കാർഡ് അനുവദിക്കുന്നതാണ്. ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർ ആധാറിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും.

(8) റെയിൽപ്പാത ഇരട്ടിപ്പിക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട കാര്യമാണ് ശ്രദ്ധയിൽപ്പെടുത്താനുള്ളത്. തെക്കൻ കേരളത്തിലെ പ്രധാന റെയിൽ ഗതാഗതമായ

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി റെയിൽവേപ്പാത ഇരട്ടിപ്പിക്കലും ഇലക്ട്രിഫിക്കേഷനുമെന്ന പ്രവൃത്തിക്ക് കേന്ദ്ര റെയിൽവേ വകുപ്പിന്റെ അനുമതി ലഭിച്ചെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതുകാരണം പ്രസ്തുത പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. 2015-16 വർഷത്തെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണിത്. 86.56 കിലോമീറ്റർ ദൈർഘ്യമുള്ള തിരുവനന്തപുരം സെൻട്രൽ-നാഗർകോവിൽ ജംഗ്ഷൻ-കന്യാകുമാരി റെയിൽവേ ലൈനിന്റെ ഇരട്ടിപ്പിക്കൽ വൈദ്യുതീകരണം എന്ന പ്രവൃത്തിക്ക് 1,432 കോടി രൂപയാണ് അടങ്കൽ തുക. ഈ പദ്ധതി യാഥാർത്ഥ്യമായാൽ പാസഞ്ചർ-ചരക്ക് ട്രെയിനുകൾക്കായി കേരളവും തമിഴ്നാടും തമ്മിലുള്ള കണക്ടിവിറ്റി സുഗമമാകും. ഈ റൂട്ടിൽ കൂടുതൽ ട്രെയിനുകൾ അനുവദിക്കാൻ കഴിയും. ഇരണിയൽ മുതൽ തിരുവനന്തപുരം സെൻട്രൽ വരെയുള്ള 47 കിലോമീറ്റർ ദൂരത്തിൽ ഇരണിയൽ മുതൽ പാറശ്ശാല വരെയുള്ള 17 കിലോമീറ്റർ ഭാഗം കേരള-തമിഴ്നാട് അതിർത്തി പ്രദേശമായതിനാൽ പ്രസ്തുത മേഖലയിൽ രണ്ട് സംസ്ഥാനങ്ങളും സംയുക്തമായി വേണം ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കേണ്ടത്. ടി നടപടികൾ അതിവേഗം പൂർത്തിയാക്കേണ്ടതുണ്ട്. തിരുവനന്തപുരം മുതൽ നേമം വരെയുള്ള നിലവിലുള്ള പാതയുടെ ഇടതുവശത്തുനിന്നും നേമം മുതൽ ഇരണിയൽ വരെ പാതയുടെ വലതുവശത്തുനിന്നും സ്ഥലമേറ്റെടുക്കേണ്ടിവരുമെന്നാണ് റെയിൽവേ അധികൃതരിൽനിന്നും അറിയാൻ കഴിഞ്ഞത്. പാത ഇരട്ടിക്കാനുള്ള സാധ്യത മുന്നിൽക്കണ്ട് ഈ മേഖലയിൽ കഴിഞ്ഞ എട്ട് വർഷത്തോളമായി 30 മീറ്റർ വീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നല്കിയിരുന്നില്ല. പൊതുജനങ്ങൾ ഇതിനോട് സഹകരിച്ചിട്ടും പദ്ധതി അനന്തമായി നീണ്ടുപോകുകയാണ്. തിരുവനന്തപുരം മുതൽ നേമം വരെയുള്ള ഭാഗത്ത് തൈക്കാട്, നേമം, തിരുമല, പള്ളിച്ചൽ വില്ലേജുകളിലായി നൂറിലേറെ സർവ്വേ നമ്പരുകളിലായി 7.9 ഹെക്ടർ സ്ഥലമേറ്റടുക്കേണ്ടതായുണ്ട്. ഇതിനായി റീസർവ്വേ പ്രകാരമുള്ള വിവരങ്ങൾ നല്കിയെങ്കിലും ഭൂമിയേറ്റെടുക്കുന്നതിനുള്ള ഫണ്ട് റെയിൽവേ വകുപ്പ് നാളിതുവരെ കൈമാറിയിട്ടില്ല. നേമം മുതൽ ഇരണിയൽ വരെയുള്ള ഭാഗത്തെ സർവ്വേ നടപടികളും ദ്രുതഗതിയിൽ പൂർത്തിയാക്കേണ്ടതുണ്ട്. പദ്ധതിക്കനുബന്ധമായി ഇഞ്ചിവിള, കാരാളി, ഉദിയൻകുളങ്ങര, ധനുവച്ചപുരം എന്നിവിടങ്ങളിൽ സർവ്വീസ് റോഡും കാൽനട യാത്രക്കാർക്കായി ഫുട്ബ്രിഡ്ജും ഈ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തി നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ, കേരളത്തെയും തമിഴ്നാടിനെയും ബന്ധിപ്പിച്ചുകൊണ്ട് പാറശ്ശാല നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന പ്രധാന ഗ്രാമീണ റോഡാണ് അമരവിള-ധനുവച്ചപുരം-കാരക്കോണം-പനച്ചമൂട്-വെള്ളറട റോഡ്. മണ്ഡലത്തിലെ മലയോര മേഖലകളെ പട്ടണവുമായി ബന്ധിപ്പിക്കുന്ന ഏക റോഡാണിത്. ചെറുതും

LIBRARY ARCHIVES Kerala Legislative Assembly

വലുതുമായ 25000-ഓളം വാഹനങ്ങൾ ദിവസവും ഇതുവഴി കടന്നുപോകുന്നു. കോളേജുകളും, ഇന്റർനാഷണൽ ഐ.ടി.ഐ.യും ഉൾപ്പെടെ മുപ്പതിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ പ്രദേശത്തുണ്ട്. ഏകദേശം 15000 വിദ്യാർത്ഥികൾ ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നു. അമരവിളയ്ക്കും ധനുവച്ചപുരത്തിനും ഇടയിൽ എയ്യ കൊണ്ടാൻകാണിയിൽ റെയിൽവേ ലെവൽക്രോസ്സുണ്ട്. പലപ്പോഴും ടെയിൻ കടന്നുപോകാൻ ലെവൽ ക്രോസ്സ് അടയ്ക്കുന്നതിനാൽ മണിക്കൂറുകളോളം ഗതാഗതം തടസ്സപ്പെടുന്നു. ഇക്കാരണത്താൽ വിദ്യാർത്ഥികൾക്ക് കൃത്യസമയത്ത് സ്കൂളിലെത്താൻ കഴിയുന്നില്ല. ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് കടന്നുപോകാൻ ട്രാഫിക് ബ്ലോക്ക് തടസ്സമാകുകയാണ്. അതുകൊണ്ട് ഈ ലെവൽക്രോസ്സിന് കുറുകെ ഒരു റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുക മാത്രമാണ് പരിഹാരം. അതിനാൽ ഇവിടെ ഒരു റെയിൽവേ മേൽപ്പാലം ഉടൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷനുമായി ബന്ധപ്പെട്ട് നേരത്തെ ഈ വിഷയം സംസാരിച്ചിട്ടുണ്ടായിരുന്നു. തെക്കൻ കേരളത്തിലെ പ്രധാന റെയിൽവേ റൂട്ടായ തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കലിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേയുടെ റിക്വിസിഷൻ ലഭിക്കാനുള്ള കാലതാമസം കാരണം പദ്ധതി മന്ദഗതിയിലാണ്. തിരുവനന്തപുരം-കന്യാകുമാരി റൂട്ടിലെ കഴിത്തുറ മുതൽ ഇരണിയൽ വരെയുള്ള ഭാഗങ്ങൾ തമിഴ്നാടിന്റെ ഭാഗമായതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആ സർക്കാരാണ് സ്വീകരിക്കേണ്ടത്. ഈ പദ്ധതിയിലുൾപ്പെടുത്തി അമരവിള-കാരക്കോണം റോഡിൽ എയ്യ കൊണ്ടാൻകാണിയിലെ ലെവൽക്രോസ് ഒഴിവാക്കി റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം, റെയിൽവേയുമായി കൂടിയാലോചിച്ച് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കത്തയയ്ക്കുന്നതാണ്. ഇതിനുമുമ്പും ഇക്കാര്യം ആവശ്യപ്പെട്ടതാണ്.

(9) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കണ്ണൂർ ജില്ലാ ആസ്ഥാനത്തിന്റെ ഹൃദയഭൂമിയിൽ പ്രവർത്തിക്കുന്ന കണ്ണൂർ മണ്ഡലത്തിലെ ജില്ലാ ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. ജില്ലയുടെ വലിപ്പവും അതിന്റെ ആവശ്യകതയും കണക്കിലെടുത്ത് ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി തലത്തിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തും അന്നത്തെ ആരോഗ്യ